**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3987** **03-03-2023 - ൽ മറുപടിയ്ക്ക്**

**സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ പുതിയ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (Sewage Treatment Plant) സ്ഥാപിക്കുന്നതിന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; ഏത് ഫണ്ടിൽ നിന്നാണ് പ്രസ്തുത തുക അനുവദിച്ചത്; പ്ലാന്റ് സ്ഥാപിക്കുന്നതിന് ഇതുവരെ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) | ആലപ്പുഴ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി Rs.1,00,00,000/- ( ഒരു കോടി രൂപ മാത്രം) എൻ.എച്ച്.എം മുഖാന്തിരം അനുവദിച്ചിട്ടുണ്ട്. എന്നാൽ ടി ജോലി ചുമതലപ്പെടുത്തിയിരിക്കുന്ന നിർവ്വഹണ ഏജൻസി സമർപ്പിച്ച ഡി.പി.ആർ പ്രകാരം Rs.1,80,00,000/- (ഒരു കോടി എൺപത് ലക്ഷം രൂപ മാത്രം) പ്ലാന്റ് നിർമ്മാണത്തിന് ആവശ്യമാണെന്ന് അറിയിച്ചതിൻപ്രകാരം അധികമായി ആവശ്യമുള്ള തുകയായ 80,00,000/- രൂപ (എൺപത് ലക്ഷം രൂപ മാത്രം) ശുചിത്വ മിഷൻ നൽകുമെന്ന് അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആശുപത്രിയിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് അധികമായി വേണ്ടിവരുന്ന തുക എങ്ങനെ ലഭ്യമാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്; ഇതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ; ഇത് സംബന്ധിച്ച ഫയൽ ഇപ്പോൾ ആരുടെ പക്കലാണുള്ളതെന്ന് അറിയിക്കാമോ; | (ബി) | ശുചിത്വ മിഷൻ അനുവദിച്ചു എന്ന് പറയുന്ന തുക നേരിട്ട് എൻ.എച്ച്.എം-ന് കൈമാറാൻ സാങ്കേതിക തടസ്സമുള്ളതിനാൽ തദ്ദേശ സ്വയംഭരണ വകുപ്പ് വഴിയേ കൈമാറുവാൻ സാധിക്കുകയുള്ളു എന്ന് ശുചിത്വ മിഷൻ അറിയിച്ചിട്ടുണ്ട്. ഇതിന്റെ ഫണ്ട് എത്രയും വേഗം അനുവദിച്ച് പദ്ധതി നടപ്പിലാക്കാൻ ശുചിത്വമിഷനുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് അനുവദിച്ച തുക മാർച്ച് 31-നകം ചെലവഴിക്കാൻ കഴിഞ്ഞില്ലെങ്കിൽ നഷ്ടമാകുമെന്നിരിക്കെ അധിക തുക ലഭ്യമാക്കി പ്ലാന്റ് സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | 2019-ൽ WAPCOS സമർപ്പിച്ച DPR പ്രകാരം Rs.1,80,00,000/- (ഒരു കോടി എൺപത് ലക്ഷം രൂപ മാത്രം) രൂപയാണ് STP-യുടെ നിർമ്മാണ ചെലവ്. അധികമായി ആവശ്യമുള്ള 80,00,000/- രൂപ (എൺപത് ലക്ഷം രൂപ മാത്രം) ശുചിത്വ മിഷനിൽ നിന്ന് ലഭ്യമാക്കി പ്രസ്തുത തുക കൂടി ഉൾപ്പെടുത്തി STP-യുടെ നിർമ്മാണം പൂർത്തീകരിക്കുവാൻ ആണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ